നടപടികൾ തൊഴിൽവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇതുസംബന്ധിച്ച് ഇന്നലെ ഒരു നിയമം പാസ്സാക്കുകയുണ്ടായി. ഈ വിഷയം അഡ്രസ്സ് ചെയ്യാൻവേണ്ടി തൊഴിൽ വകുപ്പ് മൻകയ്യെടുത്ത് ദീർഘമായൊരു ചർച്ചയും ഇന്നലെ ഇവിടെ നടന്നു. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അത് പരിഹരിക്കാനുള്ള സത്വര നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

(25) റെയിൽവേ മേൽപ്പാലം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, എന്റെ മണ്ഡലത്തിലെ പാലക്കാട്-പൊള്ളാച്ചി ലൈനിൽ ഗേജ് മാറ്റം ജനുവരി മാസം പൂർത്തീകരിക്കും എന്നാണ് റെയിൽവേ അധികൃതർ പറയുന്നത്. ഇതിന്റെ ഭാഗമായി യാത്രാ ട്രെയിൻ, ഗുഡ്സ് ട്രെയിൻ എന്നിവയുടെ എണ്ണം കൂടാൻ സാധ്യതയുണ്ട്. ഒരു ട്രെയിൻ കടന്നു പോകുമ്പോൾതന്നെ റെയിൽവേ ലെവൽ ക്രോസ് അടച്ചിടുകയും എകദേശം അഞ്ചോ പത്തോ മിനിറ്റുകൾ എടുക്കുകയും ചെയ്യും. ഈ റെയിൽവെ ലെവൽ ക്രോസ് സ്റ്റേഷൻ യാർഡിനകത്തും ഊട്ടറ റെയിൽവേ സ്റ്റേഷന് സമീപത്തുമാണ് വരുന്നത്. ഗുഡ്സ് ട്രെയിൻ വന്നാൽ അവിടെ കിടക്കും. എത്ര സമയം എടുക്കുമെന്ന് പറയാൻ കഴിയില്ല. ഇത് ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സീരിയസ്സായി എന്തെങ്കിലും സംഭവിച്ച് ആമ്പുലൻസ് വന്നാൽ കടന്നുപോകാനുള്ള ബദൽ യാത്രാ സംവിധാനമില്ല. അതുകൊണ്ട് ഇവിടെ ഗേജ് മാറ്റം പണി നടക്കുന്ന സമയമായതുകൊണ്ട് ഓവർ ബ്രിഡ്ജ് പണിയുന്നത് വളരെ സൗകര്യപ്രദമാകുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ബദൽ യാത്രാമാർഗ്ഗമില്ലാത്ത സ്ഥലത്തും ലെവൽ ക്രോസ്സ് ഗേറ്റ് ഇല്ലാത്ത സ്ഥലത്തും ഇതിന് പ്രത്യേക പരിഗണന കൊടുക്കാമെന്ന് റെയിൽവേ അതോറിറ്റി തന്നെ പറയുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കൊല്ലങ്കോട് ഊട്ടറയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ഊട്ടറയിൽ ROB നിർമ്മിക്കുന്ന കാര്യമാണ്. ഇവിടെ പറഞ്ഞ പ്രശ്നങ്ങളെല്ലാം ശരിയാണ്. ഞാൻ ഈയിടെ ആ പ്രദേശത്തുകൂടി പോകുമ്പോൾ ഇത് കണ്ടതാണ്. ഇതിന് പഴയ മീറ്റർ ഗേജാണ്. ആ മീറ്റർ ഗേജിൽ

LIBRARY ARCHIVES Kerala Legislative Assembly

ലെവൽ ക്രോസ്സാണ്. ആ ലെവൽ ക്രോസ്സ് ടെയിൻ വെഹിക്കിൾ യൂണിറ്റ് ആണ്. ഒരു ലക്ഷം വാഹനങ്ങൾ എന്ന തോതുവച്ചാണ് ടി.വി.യു. കണക്കാക്കുന്നത്. ടോട്ടൽ റെയിൽവേ, ബാക്കിയുള്ള വാഹനങ്ങൾ പോകുന്നത്, 24 മണിക്കൂറിൽ പോകുന്നത് എന്നിവയുടെ അടിസ്ഥാനത്തിലാണ് റെയിൽവേ ടി.വി.യു. കണക്കാക്കുന്നത്. അത്തരം സ്ഥലങ്ങളിൽ മാത്രമാണ് അവർ ROB നിർമ്മിക്കാൻ 50% ധനസഹായം നല്കുന്നത്. ഇതിൽ 50% സ്റ്റേറ്റും 50% റെയിൽവേയുമാണ് നല്കുന്നത്. അതുകൊണ്ട് റെയിൽവേയുടെ ആ പദ്ധതി ഇന്ന് നിലവിലില്ല. സ്റ്റേറ്റിന് തനിച്ച് ചെയ്യാൻ സാമ്പത്തിക കഴിവുമില്ല. ഏതായാലും ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്താം.

(26) വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, സംസ്ഥാനത്ത് വയറിംഗ് ലൈസൻസ് ഇല്ലാതെ ആളുകൾ വയറിംഗ് ജോലി ചെയ്യുന്ന പ്രവണത ദിനംപ്രതി കൂടി വരികയാണ്. മതിയായ സാങ്കേതിക പരിജ്ഞാനമോ ലൈസൻസോ ഇല്ലാത്ത ആൾക്കാർ വയറിംഗ് ജോലി ചെയ്യുന്നതുമൂലം പലതരം അപകടങ്ങളും ജീവഹാനിയും ഇടയ്ക്കിടയ്ക്കുണ്ടായി ക്കൊണ്ടിരിക്കുകയാണ്. പല ഗാർഹിക കണക്ഷനുകളിലും മതിയായ എർത്ത് സിസ്റ്റമില്ലാത്തതുമൂലം വലിയ തോതിൽ വൈദ്യുതി പാഴാകുന്നുണ്ട്. അനധികൃതമായി വയറിംഗ് ജോലി ചെയ്യുന്നവർ ലാഭം മുന്നിൽ കണ്ടുകൊണ്ട് ഗുണനിലവാരമില്ലാത്ത വയറുകളും മറ്റു ഫിറ്റിംഗുകളും ഉപയോഗിക്കുന്നുണ്ടെന്ന പരാതിയും നിലനില്ക്കുന്നുണ്ട്. വൈദ്യുതി മേഖലയിലെ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് മതിയായ സാങ്കേതിക പരിജ്ഞാനവും ലൈസൻസുമുള്ളവരാണ് വയറിംഗ് നടത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുവാൻ ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. കോൺട്രാക്ടർമാരെ എ, ബി, സി എന്നിങ്ങനെ മൂന്നായിട്ടാണ് തരംതിരിച്ചിട്ടുള്ളത്. എ-യിലും ബി-യിലും ഉള്ള കോൺട്രാക്ടർമാരുടെ കീഴിൽ ഒരു സൂപ്പർവൈസറും രണ്ട് വയർമാൻമാരും വേണം. സി-യിലാണെങ്കിൽ ഒരു വയർമാനുണ്ടായാൽ അതിനോട് അറ്റാച്ച് ചെയ്ത് ചെയ്യാവുന്നതാണ്. വയർമാനെ സംബന്ധിച്ചാണെങ്കിൽ ഒരു കോൺട്രാക്ടറുടെ കീഴിൽ 5 കൊല്ലം പ്രവർത്തിച്ചാൽ അദ്ദേഹത്തിന് വയർമാനായി ലൈസൻസ് കൊടുക്കാം. അല്ലെങ്കിൽ ഐ.ടി.ഐ. പാസ്സായ ആളുകൾക്കും ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly